# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 836 — 13.06.2012-ൽ മറുപടിക്ക്

## അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള ക്ഷേമ സുരക്ഷാ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. വി. വിജയദാസ് | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അന്യസംസ്ഥാന തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | 1948 - ലെ മിനിമം വേജസ് ആക്ട് പ്രകാരമുള്ള സേവനവേതന വ്യവസ്ഥകൾ അന്യ സംസ്ഥാന തൊഴിലാളികൾക്കും ബാധകമാണ്. അത് അന്യ സംസ്ഥാന തൊഴിലാളികളെ ബോധ്യപ്പെടുത്തുന്നതിനു വേണ്ടി ബോധവൽക്കരണ സെമിനാറുകൾ എല്ലാ ജില്ലകളിലും സംഘടിപ്പിക്കുകയും പരിശോധനാവേളയിൽ അന്യ സംസ്ഥാന തൊഴിലാളികൾക്ക് ടി വേതനം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) പ്രസ്തുത തൊഴിലാളികൾക്കായി എന്തെല്ലാം ക്ഷേമ സുരക്ഷാ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ പ്രവർത്തിച്ചു വരുന്ന ടി പദ്ധതിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾക്ക് ചികിത്സാ ധനസഹായം, ആശ്വാസ ധനസഹായം, അംഗത്വം നിലനിൽക്കേ |

മരണമടയുന്ന അംഗത്തിൻെറ ആശ്രിതർക്ക് ധനസഹായം, മരണമടഞ്ഞ തൊഴിലാളിയുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം, ഒരു വർഷത്തിൽ കുറയാത്ത കാലം അംഗത്വം നിലനിർത്തിയിട്ടുള്ള അംഗത്തിൻെറ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ഗ്രാൻറ്, 5 വർഷത്തിൽ കുറയാത്ത കാലം അംശാദായം അടച്ച് തൊഴിൽ അവസാനിപ്പിയ്ക്കുമ്പോൾ ടെർമിനൽ ബെനിഫിറ്റ് എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു.

സെക്ഷൻ ആഫീസർ.